## 262

തുംഗപ്രതാപമാർന്ന ശ്രീയേശുനായകനേ !
ഞങ്ങൾക്കു നന്മ ചെയ്ത കാരുണ്യ വാരിധിയേ!
വണങ്ങിടുന്നടിയാർ തവ പദങ്ങളാശ്രയമേ

1 നിർമ്മലമായ രക്തം ശർമ്മദാ! നീ ചൊരിഞ്ഞു
കന്മഷം പോക്കി ദുഷ്ടകർമ്മഫലത്തിൽ നിന്നു
വിടുതൽ ചെയ്തതിനാൽ ഞങ്ങളടിവണങ്ങിടുന്നേ!-

2 ഗത്തസമേനയെന്ന തോട്ടത്തിലെത്തി ഭവാൻ
രക്തം വിയർത്തധിക ദുഃഖമനുഭവിച്ച
ചരിതമോർത്തിടുമ്പോൾ മന-മുരുകിടുന്നു പരാ!-

3 ഹന്നാസു കയ്യാഫാവും ഹേരോദുമന്നു നിന്നെ
നിന്ദിച്ചു പീഡ ചെയ്തതെല്ലാം സഹിച്ചുവല്ലോ
മറുത്തതില്ല തെല്ലും റോമ ഗവർണ്ണർ മുമ്പിലും നീ

4 പേശിപ്പുലമ്പി ദുഷ്ടർ ക്രൂശിച്ചിടും പൊഴുതും
വാശിക്കധീനമായി ത്തീർന്നില്ല നിൻഹൃദയം
വിമലകാന്തി ചേർന്നു മുഖം വിളങ്ങി ശാന്തിയാർന്നു--

5 നിൻ സൗമ്യമാം സ്വഭാവം നന്നായ് പഠിച്ചടിയാർ
വൻ പ്രാതികൂല്യമദ്ധ്യേ മുമ്പോട്ടു യാത്ര ചെയ്‌വാൻ
തിരുമുഖ പ്രകാശം ഞങ്ങൾക്കരുൾക നീ സതതം--

6 ലോകൈക സദ്ഗുരുവേ! സ്വർജ്ജീവനക്കരുവേ!
ദാസർക്കഭീഷ്ടമേകും മന്ദാരമാം തരുവേ!
തിരുവടി നിയതം ഞങ്ങൾക്കരുളണമഭയം-

7 തത്വവിത്താം മുനിയേ! ദുഷ്ടലോകശനിയേ!
സത്യവേദധ്വനിയേ! ജീവാഗമക്കനിയേ!
കരുണയിൻ ധുനിയേ! ഞങ്ങൾ വരുന്നിതാ തനിയേ- **K.V.S.**